## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5508 01.07.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണം

ചോദ്യം
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.കെ.അജിത്
ശ്രീ.വി.ശശി
ശ്രീ.ഇ.കെ.വിജയൻ

മറുപടി
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭവന നിർമ്മാണത്തിനായി വീടൊന്നിന് എത്ര തുകയാണ് പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വീടൊന്നിന് 2,50,000/-രൂപയാണ് ധന സഹായമായി അനുവദിച്ച് നൽകുന്നത്. എന്നാൽ പി.വി.റ്റി.ജി. വിഭാഗത്തിൽ പ്പെടുന്നവർക്ക് 3,50,000/- രൂപ ധനസഹായം നൽകുന്നു. |
| ബി) | പട്ടികവർഗ്ഗക്കാർക്കായി ത്രിതല പഞ്ചായത്തുകളിൽ ഭവന നിർമ്മാണ പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം; പ്രസ്തുത പദ്ധതി വഴി ഭവന നിർമ്മാണത്തിന് എത്ര തുക അനുവദിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ), ത്രിതല പഞ്ചായത്തുകൾക്ക കൈമാറിയ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ഉപയോഗിച്ചുള്ള ഭവനനിർമ്മാണ പദ്ധതി എന്നിവയാണവ. പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി 2,50,000/-രൂപ ഗ്രാന്റായി നൽകുന്നു. |

| | | | |
|---|---|---|---|
| സി) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും ത്രിതല പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്ന തുകയ്ക്ക് വ്യത്യാസമുണ്ടോ; | സി) | ഇല്ല |
| ഡി) | ഭവനരഹിതരായ മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ? | ഡി) | നിലവിൽ കൈവശഭൂമിയുള്ള ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത രണ്ട് വർഷത്തിനകം എല്ലാ ഭവനരഹിതർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

Haripriya

സെക്ഷൻ ഓഫീസർ